മായ പോരായ്മകൾ ഉണ്ടെന്ന് കേരള ജലഅതോറിറ്റിയുടെ സ്റ്റാന്റിംഗ് കൗൺസിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടായിരുന്നു. നിയമവകുപ്പും അതോറിറ്റി കൗൺസിലിന്റെ അഭിപ്രായത്തോട് യോജിച്ചിട്ടുണ്ട്. അതോറിറ്റിയുടെ അഭ്യർത്ഥന മാനിച്ച് വിദഗ്ദ്ധ നിയമോപദേശം ആവശ്യമുണ്ടോ എന്ന കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്.

(കെ) പുതിയ ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി രൂപീകരണം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

40 (436) ജലസേചന പദ്ധതികളുടെ പണി

ശ്രീ. പി. രാഘവൻ :
ശ്രീ. എളമരം കരീം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്കുമുമ്പ് പണി ആരംഭിച്ച വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഒന്നും, രണ്ടും, മൂന്നും പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഏതെല്ലാം വൻകിട ജലസേചന പദ്ധതികളുടെ പണിയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും ഇതിനകം ചെലവഴിച്ചതുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ ഓരോന്നിന്റെയും പൂർത്തീകരണത്തിന് ആരംഭഘട്ടത്തിൽ നിശ്ചയിച്ചിരുന്ന എസ്റ്റിമേറ്റ് തുക എത്ര വീതമായിരുന്നു എന്ന് അറിയിക്കുമോ;

(എഫ്) ഇപ്പോൾ നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) ആക്സിലറേറ്റഡ് ഇറിഗേഷൻ ബനിഫിറ്റ് പ്രോഗ്രാം പദ്ധതിയിൻകീഴിൽ കേന്ദ്രസഹായം ലഭിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഐ) പണി നടന്നുകൊണ്ടിരിക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി) ഉണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ, നബാർഡ് എന്നിവയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(സി) കല്ലട, പഴശ്ശി എന്നീ ജലസേചന പദ്ധതികളുടെ പണിയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്.

(ഡി) 31.3.99 വരെ പഴശ്ശി പദ്ധതിക്ക് 134.4589 കോടി രൂപയും കല്ലട പദ്ധതിക്ക് 555.268 കോടി രൂപയും ചെലവായിട്ടുണ്ട്.

(ഇ) കല്ലട പദ്ധതിക്ക് 1328 ലക്ഷം രൂപയും പഴശ്ശി പദ്ധതിക്ക് 442 ലക്ഷം രൂപയും ആയിരുന്നു.

(എഫ്)&(ജി) ഉണ്ട്. കല്ലട പദ്ധതിക്ക് 96-97 വർഷത്തിൽ 3.75 കോടി രൂപയും 97-98 വർഷത്തിൽ 15 കോടി രൂപയും വായ്പയായി ലഭിച്ചിട്ടുണ്ട്.

(എച്ച്) കല്ലട പദ്ധതിയും മൂവാറ്റുപുഴ പദ്ധതിയും.

(ഐ) പഴശ്ശി, കാഞ്ഞിരപ്പുഴ, കണക്കൻകടവ് ബ്രിഡ്ജ് കം റഗുലേറ്റർ എന്നിവ.

41 (437) ജപ്പാന്റെ സഹകരണത്തോടെ ശുദ്ധജല വിതരണ പദ്ധതി

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാന്റെ സഹകരണത്തോടെ സംസ്ഥാനത്ത് ഏതെങ്കിലും ശുദ്ധജലവിതരണ പദ്ധതിയുടെ പണി നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളുടെ പണി ഏത് ഘട്ടത്തിലാണ് എന്നും ഇതുവരെ എത്ര രൂപ ചെലവായി എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒ.ഇ.സി.എഫ്. ജപ്പാന്റെ സഹായത്തോടെ അഞ്ചു പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

(ബി) പ്രസ്തുത ശുദ്ധജല പദ്ധതികളുടെ പേരുവിവരം താഴെ ചേർക്കുന്നു;

(1) തിരുവനന്തപുരം നഗര വിപുലീകരണ പദ്ധതി.

(2) മീനാടും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

(3) ചേർത്തലയും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

(4) കോഴിക്കോട് നഗരവിപുലീകരണ പദ്ധതി.

(5) പട്ടുവവും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള പദ്ധതി.

(സി) അഞ്ചു പദ്ധതികളുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി വരുന്നു. ഇതിനായി ഇതുവരെ 20.60 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly